# മരണം: ഒരു പരാവർത്തന സങ്കേതം

[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

മരണത്തിൽ മണമുണ്ട് –
മരണത്തിന്റെ മണം.
മനം തുരന്നാൽ കാണാമതിൽ
മരിക്കാതിരിക്കാനുള്ള രണം –
എല്ലാ രണങ്ങൾക്കുമൊടുവിൽ
മരിക്കാത്ത മരണം!

മരവിച്ച മനസ്സായ് മരിച്ചോർ
മരവിപ്പിച്ച സ്ഫടിക ഭരണിയിൽ.
വിശുദ്ധപാപം ചെയ്തോർ
വിശുദ്ധ നരകത്തിൽ.
മരണമാരണ പംക്തിയിലെ
വരിയിൽ വരയുന്നു
വരിക്കാരുടെ ശ്രാദ്ധവരിസംഖ്യ.

ഹേ! സർപ്പസങ്കേതമേ!
പലവട്ടം മരിച്ച മരണത്തെ
വീണ്ടും മരിപ്പിക്കുന്നതെന്തിന്?
ചത്ത പാമ്പിനെ തല്ലിക്കൊന്ന്
തലമുറയുടെ ശാപമായി
അപസർപ്പകപ്പക ഊറ്റുവതെന്തിന്?
ബുദ്ധന്റെ കടുകുതേടി
കൊടുങ്കാട്ടിലെ പെരുങ്കാറ്റിൽ
അലയുവതെന്തിന്?

ആത്മനെ അറിയാത്ത

വിരോധം തോന്നുമാറുക്തിയിൽ
രമിക്കുന്നെങ്കിൽ:
മരണാനന്തര ശുശ്രൂഷയ്ക്കുശേഷം
മരണത്തെയോർത്തു
മരിക്കുന്ന ആത്മനുവേണ്ടി
ഉപകഥകൾ രചിച്ച്
ഗവേഷണം തുടരാൻ,
പോത്തായിച്ചമഞ്ഞ ദേവൻ
ബഹുവേദങ്ങളുടെ
അനന്ത സാദ്ധ്യതകൾ
പകർന്നു തരും;
മറയിലാത്ത കതക്
തുറന്നു വരും.

എന്തെന്നാൽ:
മരണത്തിൽ മണമുണ്ട് –
മരണത്തിന്റെ മണം.
മനം തുരന്നാൽ കാണാമതിൽ
മരിക്കാതിരിക്കാനുള്ള രണം –
എല്ലാ രണങ്ങൾക്കുമൊടുവിൽ
മരിക്കാത്ത മരണം!
*********************************************************